സെന്റ് അഗസ്റ്റിൻസ് ഹയർ സെക്കണ്ടറി സ്ക്കൂൾ
കരിങ്കുന്നം

# കതിർമണികൾ


2019-2020



പ്രിയ കുട്ടികളെ

അക്ഷരങ്ങൾ അമ്മാനമാടി തീർത്ത വാക്കുകളെ സാഹിത്യത്തിന്റെ തേരിലേറ്റി നിങ്ങൾ സൃഷ്ടിച്ച കഥകളും കവിതകളും നുറുങ്ങു ചിന്തകളും ഇതിന്റെ ഉൾത്താളുകള മനോഹരമാക്കുന്നു." കതിർ മണികൾ " എന്ന പേരിൽ നിങ്ങൾ തയ്യാറാക്കുന്ന ഈ ഡിജിറ്റൽ മാസിക ഹൈടെക് സംസക്കാരത്തിന്റെ സൃഷ്ടിയാണ്.ഇതിന്റെ പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ് അംഗങ്ങളുടെ കൂട്ടായ പ്രവർത്തനത്തെ ഞാൻ ഏറെ അഭിനന്ദിക്കുന്നു. പഠിച്ച കാര്യങ്ങൾ കർമ്മപഥത്തിലാക്കുവാനുള്ള നിങ്ങളുടെ പരിശ്രമത്തിന് എല്ലാ നന്മകളും നേരുന്നു

സി. മേഴ്സി എൻ. സി.
സ്ക്കൂൾ ഹെഡ്മിസ്ട്രസ്



## എഡിറ്റോറിയൽ ബോർഡ്

**മാധവ് കൃഷ്ണ വി. എ**
**അഭിജിത്ത് ബിജു**
**അഭിമന്യൂ വിനോദ്**
**ഐസക് ജോണി**
**അർജുൻ കെ എസ്**
**അക്സ രാജു**
**അവിനാഷ് ടോമി**
**ആദിത്യൻ എം എ**

| | ഉള്ളടക്കം | |
|---|---|---|
| 1 | എഡിറ്റോറിയൽ ബോർഡ് | 2 |
| 2 | സന്തോഷത്തിനു വേണ്ട നാലു കാര്യങ്ങളും നാല് ഹോർമോണുകളും | 4 |
| 3 | കിനാവ് | 7 |
| 4 | നാരങ്ങാ സർബത്ത് | 8 |
| 5 | ഓടയിൽ നിന്ന് | 11 |
| 6 | ചെന്നായത്തോലണിഞ്ഞ ആട്ടിൻകുട്ടി | 12 |
| 7 | അമ്മ | 14 |
| 8 | വിദ്യാധനം സർവ്വധനാൽ പ്രധാനം | 16 |
| 9 | മെഴുകുതിരി | 18 |
| 10 | വൈകി വന്ന  വസന്തം | 20 |
| 11 | മലകൾ  പുഴകൾ | 24 |
| 12 | കറുത്ത പുഷ്പങ്ങൾ | 25 |
| 13 | പുഞ്ചിരി | 30 |
| 14 | പൂവ് | 31 |
| 15 | പഴം ചൊല്ലിൽ പതിരില്ല | 32 |
| 16 | സ്നേഹം | 34 |
| 17 | മാറ്റങ്ങളുടെ മാർപാപ്പ | 35 |
| 18 | ഓർമ്മയ്ക്കായ് | 41 |
| 19 | കുമാരനാശാൻ | 42 |
| 20 | സൗഹൃദം | 44 |
| 21 | പഴശ്ശിരാജ | 45 |
| 22 | ഒരു മെഴുതിരി വെളിച്ചം | 48 |
| 23 | നന്മ ഒരിക്കലും മരിക്കില്ല | 49 |
| 24 | വികസനം | 51 |
| 25 | നല്ല ജീവിതത്തിന് തോമസ് ജഫേഴ്സൺ നല്കുന്ന 10 നിർദേശങ്ങൾ | 52 |
| 26 | വിദ്യാലയം | 54 |

# സന്തോഷത്തിനു വേണ്ട നാലു കാര്യങ്ങളും നാല് ഹോർമോണുകളും



ആത്മീയതയും ശാസ്ത്രവും കൈകോർക്കുന്നത് കണ്ടാലുംഅന്താരാഷ്ട്രതലത്തിൽ ഭാരതത്തിന്റെ സന്തോഷ സൂചിക (world happiness index) തകർന്നു തളർന്നങ്ങനെ കിടക്കുകയാണ്. 156 രാജ്യങ്ങളിൽ ഭാരതത്തിൻറെ സ്ഥാനം അങ്ങ് പാതാളത്തിൽ- അതായത് 140 ലാണ്. പാകിസ്ഥാനും ചില ആഫ്രിക്കൻ രാജ്യങ്ങൾക്കും താഴെയാണ് നമ്മുടെ സന്തോഷ സൂചിക-ഇത്തിരി നാണക്കേട് തോന്നുന്നുണ്ട് അല്ലേ?
അങ്ങനെ നാണക്കേട് സഹിച്ച് ഇരിക്കുമ്പോഴാണ് സന്തോഷവും ഹോർമോണും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് അറിയാൻ ഇടയായത്.എന്നുവെച്ചാൽ നാലു ഹോർമോണുകളെ ഉത്തേജിപ്പിച്ചാൽ സന്തോഷിക്കാമെന്നാണോ? അങ്ങനെയങ്ങ് സിംബ്ലിഫൈ ചെയ്യേണ്ട. എങ്കിലും ഒന്നു ശ്രമിക്കാം.
ഏതൊക്കെയാണ് ആ കാര്യങ്ങൾ? ആ ഹോർമോണുകൾ

**ഒന്ന്: അനുദിനം എക്സർസൈസ് ചെയ്യുക പൊട്ടിച്ചിരിക്കുക.(hormone: Endorphin)**

എക്സസൈസ് തുടങ്ങുമ്പോൾ (warm up ) നമുക്കിത്തിരി ക്ഷീണം വരും. നിർത്തി കളയരുത് തുടർന്ന് എക്സസൈസ് ഒരു ഹരം ആകുന്നത് എൻഡോർഫിൻ എന്ന ഹോർമോണിന്റെ

സാന്നിധ്യം കൊണ്ടാണ്. പൊട്ടിച്ചിരിക്കുമ്പോൾ ഈ ഹോർമോണിനും സന്തോഷമാകുമെന്നു സാരം. നടക്കൂ, പൊട്ടിപ്പൊട്ടി ചിരിക്കൂ, പൊട്ടിച്ചിരിച്ചു കൊണ്ട് നടക്കൂ, ചിരി എക്സർസൈസുകൾ തുടരൂ.."ചിരിച്ചാലും മരിക്കും ചിരിച്ചില്ലേലും മരിക്കും എന്നാൽ പിന്നെ ചിരിച്ചൂടെ?"

## രണ്ട്: അഭിനന്ദിക്കുക(hormone :Dopamine)

അഭിനന്ദിക്കുന്ന കാര്യത്തിൽ പിശുക്ക് കാണിക്കരുത്. ഭക്ഷണം നന്നായിരുന്നാൽ
നല്ല മാർക്ക് കിട്ടിയാൽ വസ്ത്രധാരണം അന്തസ്സുറ്റതാകുമ്പോൾ അഭിനന്ദിക്കാൻ ഒരുനിമിഷംപോലും അമാന്തിക്കേണ്ടതില്ല. ഉടനെത്തും ഡോപാമിൻ നമ്മുടെ അഭിനന്ദന ഹോർമോൺ!

## മൂന്ന്: മറ്റുള്ളവർക്ക് നന്മ ചെയ്യുക(hormone Serotonin)

ഒരു പിച്ചക്കാരൻ ആവശ്യപ്പെടാതെ തന്നെ നിങ്ങൾ ഒരു 10 രൂപ അയാൾക്ക് കൊടുക്കുന്നുവെന്നിരിക്കട്ടെ നിങ്ങളുടെ ഉള്ളിൽ നിങ്ങൾ അറിയാതെ ഒരു സന്തോഷം നിറയും. നന്മ ചെയ്യുമ്പോൾ നിങ്ങളുടെയുള്ളിൽ സെറോട്ടോണിൻ എന്ന ഹോർമോൺ പ്രവർത്തിച്ചുതുടങ്ങും.

## നാല്:സ്നേഹസ്പർശം പകരുക (hormone : Oxytocin)

സാമൂഹികരംഗത്തെ പച്ച പഠിപ്പിക്കുന്ന ഹോർമോൺ ആകുന്നു ഓക്സിടോസിൻ.സ്നേഹംനിറഞ്ഞ സ്പർശനം ഓക്സിടോസിനെ ഉത്തേജിപ്പിക്കുന്നു.
ഒരു പിഞ്ചോമനയെ താലോലിക്കുമ്പോൾ ഒരു ഹസ്തദാനംകൊടുക്കുമ്പോൾ പുറത്തുതട്ടി അഭിനന്ദിക്കുമ്പോൾ.. സ്നേഹാശ്ലേഷം

നടത്തുമ്പോൾ..അപ്പോഴൊക്കെ ഓക്സിടോസിൻ നിങ്ങൾക്ക് സന്തോഷം പകരുന്നുകൊണ്ടേയിരിക്കുന്നു..
ചുരുക്കത്തിൽ,പൊട്ടിപ്പൊട്ടി ചിരിക്കൂ എക്സർസൈസുകൾ ചെയ്യൂ നന്മ ചെയ്യൂ അഭിനന്ദിക്കൂ ഹസ്തദാനമെങ്കിലും കൊടുക്കൂ.

മാധവ് സന്തോഷ്
IX A



# കിനാവ്

തുള്ളി തുള്ളിയായ് മാറത്തു പെയ്യുന്ന
ചെമ്പക കുമ്പിളെ കിനാവിനേകം
നിദ്രയുടെ അന്ധതയിൽ
കാണുന്ന വാങ്മയം
എൻ മാറത്തു തട്ടി പൊലിമയേകി
അതിരുകളില്ലാതെ മതിലുകളില്ലാതെ
അർത്ഥ സ്വാതന്ത്ര്യം നുണയുന്നു ഞാൻ
കിനാവുകൾ നൽകും
മധുരിക്കും ഓർമ്മകൾ
തേനൂറും സുഗന്ധം പരത്തുന്നു
ഒരു മെഴുതിരി വെളിച്ചം
എമെഴുതിരി വെളിച്ച
നിൻ വെളിച്ചമായി മാറുമ്പോൾ
എൻ കരച്ചിൽ നീ സാക്ഷിയാകുന്നുവോ
എൻ കരച്ചിൽ നിൻ ചിരിയാകുന്നുവോ
എൻ മെഴുതിരി വെളിച്ചം
നിൻ വെളിച്ചമായി മാറുമ്പോൾ
നീയിതാ വിദ്യയിൽ ജ്ഞാനിയായി മാറുന്നു
എൻ കരൾ പൊള്ളുന്ന വേദനയിലും
ഞാൻ നിന്നെ ആശ്രയമല്ലോ
അന്ധമാം കൂരിരുൾ നീക്കി ഞാനെത്തുന്നു പിന്നെ
പ്രകാശമാം നിൻ ജീവ വീഥിയിൽ
എൻ എരിയുന്ന ജീവിതം ഇന്നിതാ
നീളുന്നുനിൻ ജീവ വീഥികളിൽ
സസൂക്ഷ്മം സുഖകരവും.

-മേഘമോൾ സഹജൻ

# നാരങ്ങാ സർബത്ത്

ബൈക്ക് യാത്രയിൽ മാത്തൻ പല ദിവാസ്വപ്നങ്ങളും കണ്ടു. തന്റെ കാമുകിയുടെ കല്യാണം നടക്കാതെ പോകുന്നു.കല്യാണ ചെക്കൻ ആണേൽ കട്ട കലിപ്പിലും.സർവ്വാഭരണ വിഭൂഷയായ അവൾ കരഞ്ഞു കൊണ്ട് നിൽക്കുന്നു. അവളുടെ അപ്പൻ ആധി പിടിച്ചു ഓടി നടക്കുന്നു.അമ്മ അവളെ ആശ്വസിപ്പിക്കുന്നു.അപ്പോളേക്കും ദിവാസ്വപ്നം തീർന്ന പാടെ എന്നത്തേയും പോലെ 10 മിനുറ്റ് വൈകി മാത്തൻ തന്റെ കാമുകിയുടെ കല്യാണ മണ്ഡപത്തിൽ എത്തിചേർന്നു.അന്തരീക്ഷം വിലയിരുത്താൻ ഒരു 30 സെക്കന്റ്(കടപ്പാട്:രാഹുൽ ഈശ്വർ) പോലും കിട്ടുന്നതിനു മുൻപേ അതാ നിൽക്കുന്നു മുന്പിലൊരാൾ. അവളുടെ അച്ഛൻ.സ്വപ്നത്തിൽ കണ്ട പോലെ അല്ല നല്ല ചുറു ചുറുക്കോടെ പ്രസന്ന വദനനായി അദ്ദേഹം ഓടി നടക്കുന്നു. കസേരയിലേക്ക് ഇരിക്കാൻ തുടങ്ങിയതും ഊണു കഴിച്ചോ എന്നു ആംഗ്യം കാണിച്ചു കൊണ്ടു അദ്ദേഹം ആരാഞ്ഞു. ഈ കരി വെയിലത്തു ആരും കൂട്ടിനില്ലാതെ പത്തു എഴുപതു കിലോ മീറ്റർ താൻ വണ്ടി ഓടിച്ചു വന്നത് ഇതിനാണല്ലോ എന്നു ഒരു നിമിഷത്തേക്ക് മാത്തന് തോന്നിപ്പോയി.പക്ഷെ ഏതോ ഒരു ശക്തി അവനെ അവിടിരുത്തി.

പിന്നെ ഒരു 20 മിനുറ്റ് അവിടെ അവൻ കണ്ടത് സ്വപ്നമായിരുന്നില്ല.യാഥാർധ്യം നല്ല പച്ചയായ യാഥാർധ്യം.അവനതു കൺ കുളിർക്കെ

കണ്ടു.ഫോട്ടോ ഗ്രാഫര്മാരുടെ നിർദേശ പ്രകാരവും അല്ലാതെയും ഉള്ള നിരവധി പോസുകൾ, പ്രണയ ചേഷ്ടകൾ അങ്ങനെ പലതും.ഇതിനിടയിൽ അവൻ കാമുകിയുടെ കുഞ്ഞനിയത്തിയെയും അമ്മയെയും ചിറ്റയെയും മറ്റു ബന്ധുക്കളെയുമൊക്കെ അവരറിയാതെ തന്നെ കണ്ടു.പുറത്തു കിടക്കുന്ന കാറുകളിൽ അവന്റെ ശ്രദ്ധ പതിഞ്ഞു.കൊള്ളം തരക്കേടില്ലാത്ത വണ്ടികൾ.അത്യാവശ്യം financially തരപ്പടിക്കാരാണ്. ആളുകളും നല്ലവരാണെന്നു തോന്നുന്നു.ഇതു തനിക്കു ചേർന്ന ബന്ധമായിരുന്നു. വീണ്ടും പലതും മാത്തന്റെ മനസ്സിലൂടെ കടന്നു പോയി. ഒടുവിൽ അവനും ആ സത്യം മനസ്സിലാക്കി.കാര്യം ക്ഷണിക്കപ്പെട്ടവനെങ്കിലും തന്റെ സാന്നിധ്യം അവിടെ ആരും ആഗ്രഹിക്കുന്നില്ല.വേദിയിൽ പലരും ചെന്നു വിഷ് ചെയ്യുന്നു.ഫോട്ടോ എടുക്കുന്നു. മാത്തൻ ഇടം കണ്ണെറിഞ്ഞു അവളെ ഒന്നു നോക്കി.അവളുടെ ചിരിയിൽ ഇപ്പോഴും പഴയ ആകർഷണം ഉണ്ട്.പക്ഷെ ഇന്നത് മാറ്റർക്കോ വേണ്ടിയുള്ളതാണ്. മാത്തനെ ആ കാന്തിക വലയത്തിലോട്ടു ആകര്ഷിക്കത്തക്ക പവർ അതിനിപ്പോൾ ഇല്ല. എങ്കിൽ പിന്നെ വന്നതല്ലേ പെട്രോൾ കാശ് എങ്കിലും മുതലകട്ടെ എന്നു കരുതി ഇഷ്ട ദേവനായ കുമ്മനത്തെ മനസ്സിൽ ധ്യാനിച്ചു മാത്തൻ ഹാളിലേക്ക് ഓടി.ഊണും കഴിഞ്ഞു കയ്യും കഴുകി ഒരു നാരങ്ങയും പോക്കറ്റിലിട്ടു അവൻ സ്ഥലം കാലിയാക്കി.വീട്ടിൽ തിരിച്ചെത്തിയതും ആ നാരങ്ങാ മാത്തന്റെ LKG മരുമോൾക്കു കളിക്കാൻ കൊടുത്തു.അവൾ ഉടനെ അതുകൊണ്ടു ഒരു സർബത്ത് ഉണ്ടാക്കി പുഞ്ചിരിയോടെ മാത്താന്റെ

നേരെ നീട്ടി.അവളുടെ മനസ്സ് മാത്തൻ വായിച്ചു.മീനത്തിൽ തലികെട്ടും യാത്രക്കാരുടെ ശ്രദ്ധയ്ക്കും നടക്കാൻ ഇത് അന്ത കാലം അല്ല അപ്പാപ്പാ 96 ഉം മായനദിയുമൊക്കെയാണ് ഇപ്പോ ട്രെൻഡ്.മാത്തൻ ഒരക്ഷരം ഉരിയാടാതെ ഒറ്റ വലിക് സർബത്ത് അകത്താക്കി ആല്മ നിർവൃതി പൂണ്ടു

ആൻ മരിയ ആന്റോ
IX B



## ഓടയിൽ നിന്ന്

വീട്ടീന്നിത്തിരി കാലത്തെ
മുട്ടക്കറിയും കൂട്ടത്തിൽ
കട്ടൻകാപ്പീം തട്ടീട്ട്
ചാവിയെടുത്തു കുരിശു വരച്ചു
അതിവേഗത്തിൽ ബഹുദൂരത്തിൽ
നമ്മുടെ ശകടം ബുള്ളറ്റിൽ
ജോലീം കൂലീം ഓർത്തോണ്ടു
അങ്ങനെ അങ്ങനെ പോകുമ്പോൾ
അങ്ങനെ അങ്ങനെ പോകുമ്പോൾ
ദേണ്ടടാ പെട്ടെന്നൊരു വളവു
അവിടുണ്ട് ഇത്തിരി ആറ്റുമണൽ
അയ്യോ അമ്മേ ബാലൻസ് പോയി
മൊട്ടത്തലയൻ പേടിച്ചേ
മൊട്ട ടയറും പാളിപ്പോയി
മൊട്ടത്തോടും ദൂരെപ്പോയി
നേരെ വീണത് ഓടേല്
വെള്ളേം വെള്ളേം ഇടുവാനായി
തോന്നിയ ബുദ്ധിക്കടി കിട്ടി
അങ്ങനെ അവനു പണി കിട്ടി
ഒന്നാം ക്ലാസ്സൊരു പണി കിട്ടി
ഓടെന്നവനൊരു പണി കിട്ടി

# ചെന്നായത്തോലണിഞ്ഞ ആട്ടിൻകുട്ടി

കണ്ണൻ ഒരു വഴക്കാളി ആയിരുന്നു. ക്ലാസ്സിൽ അവനോളം ഭീകരനായി വേറാരും ഇല്ലായിരുന്നു.ആ സ്കൂളിൽ HM കഴിഞ്ഞാൽ പിന്നെ അടുത്ത ആള് താനാണ് എന്ന മട്ടിലാണ് അവന്റെ നടപ്പും ഭാവവും. കണ്ണന്റെ ക്ലാസ് ടീച്ചർ ആയിരുന്നു വിനോദ് മാഷ്. വിനോദ് മാഷിന് അവനെ വളരെയധികം ഇഷ്ടമായിരുന്നു. അവനു മാഷിനെയും.അവൻ കോപിക്കുന്നതിൽ എപ്പോഴും ഒരു ന്യായം ഉണ്ടെന്ന് വിനോദ് മാഷ് തിരിച്ചറിഞ്ഞിരുന്നു. കണ്ണന് സുഹൃത്തുക്കൾ നന്നേ കുറവാണ്.

ഒരിക്കൽ വിനോദ് മാഷ് ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളെ തന്റെ വീട്ടിലേക്കു ക്ഷണിച്ചു. അന്ന് കണ്ണനും വേറെ രണ്ടു കുട്ടികളും ഒഴിച്ചു ബാക്കി എല്ലാവരും വീട്ടിൽ വന്നു. ചിരിച്ചു കളിച്ചു സന്തോഷിച്ചു തിരിച്ചു പോയി.കണ്ണൻ വരാതിരുന്നത് വിനോദ് മാഷിന്റെ അപ്പോഴത്തെ ആവേശം അല്പം കുറച്ചു. ഫോൺ ചെയ്തപ്പോൾ അവൻ വണ്ടി പിടിച്ചു വരുന്നതിനുള്ള പിരിവ് കൊടുക്കാത്തതിനാലാണ് വരാത്തതെന്നും ഈ വരുന്ന ക്രിസ്തുമസിന് ഉറപ്പായും വരാമെന്നു സാറിനു വാക്ക് നൽകുകയും ചെയ്തു.
മാസം ഒന്നു കഴിഞ്ഞു. ആ വർഷത്തെ ക്രിസ്തുമസ് പതിവ് പോലെ കടന്നു പോയി. അവൻ മാഷിന്റെ വീട്ടിൽ പോകുന്നതിനെ കുറിച്ചു ദിവസവും വീട്ടിൽ പറയുന്നുണ്ടായിരുന്നു.എന്നാൽ തിരക്ക് കാരണം

വിനോദ് മാഷിന് അവനെ അത്തവണ വീട്ടിലേക്കു കൊണ്ടു വരാൻ സാധിച്ചില്ല.
ആഴ്ചകൾ കടന്നു പോയി.അവൻ വീണ്ടും തന്റെ ആഗ്രഹം പൊടി തട്ടിയെടുത്തു.തന്റെ കൂട്ടുകാർ പൊങ്ങച്ചം പറഞ്ഞ വിനോദ് മാഷിന്റെ വീട്ടിലെ AC മുറിയിൽ ഒന്നു ഇരിക്കാനും സൈക്കിൾ ഓടിക്കാനും ഒകെ അവനും കൊതിയായി.അങ്ങനെ ആ കാത്തിരിപ്പു അവസാനിച്ചു. വിനോദ് മാഷ് അവന്റെ വീട്ടിൽ വന്നു ബൈക്കിൽ അവനെ തന്റെ വീട്ടിൽ കൊണ്ടു വന്നു.
അവൻ വിനോദ് മഷിന്റെ വീട്ടിൽ ആദ്യം അത്ര comfortable ആയി കാണപ്പെട്ടില്ല.പിന്നീട് അവൻ ഡിസ്ട്രിക്ട് ക്രിക്കറ്റ് ടീം മെമ്പർ ആണെന്നറിഞ്ഞ മാഷ് ക്രിക്കറ്റിൽ അവന്റെ താൽപര്യങ്ങൾ ആരാഞ്ഞു. അവൻ അല്പാല്പമായി മസിൽ വിട്ടു തുടങ്ങി. പിന്നെ അവന്റെ കൂടെ ഒരു 10 മിനുറ്റ് ക്രിക്കറ്റ് കളിച്ചു.അതോടെ അവൻ ക്ലീൻ ബൗൾഡ്. കണ്ണൻ വർദ്ധിത ആല്മവിശ്വാസത്തോടെ സാറിന്റെ വീട്ടിൽ നിന്ന് യാത്ര തിരിച്ചു
തിരിച്ചു പോകുന്ന വഴി ഇടുക്കികാരനായ അവനെ ട്രെയിൻ കാണിച്ചാൽ കൊള്ളാം എന്നു മാഷിന് തോന്നുകയും അവർ തൊട്ടടുത്തുള്ള റെയിൽവേ ഗേറ്റ് വരെ പോയി ഒന്നിന് പകരം രണ്ടു ട്രെയിൻ കാണുകയും ചെയ്തു. സൂര്യൻ പടിഞ്ഞാറോട്ടുള്ള ഒട്ടപ്രദക്ഷിണം പൂർത്തിയാക്കുന്ന തിരക്കിലും അവർ സൂര്യന് കീഴിലുള്ള സർവ വിഷയങ്ങളും ചർച്ച ചെയ്യുന്ന തിരക്കിലും ആയിരുന്നു.
അവന്റെ വീട്ടിൽ തിരിച്ചെത്തിയതേ,സർ വീട്ടിൽ കേറുന്നുണ്ടെന്നു ഉറക്കെ വിളിച്ചു പറഞ്ഞു കൊണ്ടു അവൻ അമ്മയുടെ അടുത്തേക്ക് ഓടി. അവന്റെ

സ്നേഹപൂരവമായ പൈനാപ്പിൾ ജ്യൂസ് ക്ഷണം മാഷിന് നിഷേധിക്കാൻ തോന്നിയില്ല.ജ്യൂസ് ഉണ്ടാക്കുന്ന നേരമാത്രയും അവൻ വിശേഷങ്ങൾ വാ തോരാതെ അമ്മയോട് പറഞ്ഞു കൊണ്ടിരുന്നു. തിരിച്ചു പോരും നേരം രണ്ടു പൈനാപ്പിൾ തന്നു വിടാനും അവൻ മറന്നില്ല.

തിരിച്ചു പോരുമ്പോൾ വിനോദ് മാഷിന്റെ മനസ്സിൽ കണ്ണനെക്കുറിച്ചുള്ള ചിത്രം ഇപ്പോൾ കൂടുതൽ വ്യക്തം ആയി. ഇവന് ആക്ടിങ് അത്ര വശമില്ല.അതിനാൽ തന്നെ പലപ്പോഴും ഇവൻ ഒരു ചെന്നായയെപോലെ ഉപമിക്കപ്പെടുന്നു..ചെന്നായ തോല് ഇവൻ സ്വയം അണിഞ്ഞതോ അതോ സമൂഹം അണിയിച്ചതോ.ശേരിക്കും ഇതു ആട്ടിന്കുട്ടിയണല്ലോ ഈശ്വരാ!!

അബിൻ ജോബി
IX C

# അമ്മ



**ആദ്യമായ് ഞാൻ ചൊല്ലിയ രണ്ടക്ഷരം**

**'അമ്മ**

**ആദ്യമായ് എൻ നെഞ്ചിൽ സ്പർശിച്ചോരണനം,**

**സ്നേഹത്തിന് തേജസ്സിൽ തിളങ്ങുന്നതിന്റെയമ്മ**

**നന്മതൻ വാത്സല്യം കോരിചൊരിഞ്ഞെന്നെ**

**നന്മതൻ പാദയിൽ  നടത്തിയമ്മ.**

**തുമ്പലാൽ നന്മനിറഞ്ഞൊരു**

**എന്നെന്നും എന്ന വിജയത്തിന്**

**പിന്നില്ലേ ദിവ്യമാം ടിപ്പമാണെന്റെ 'അമ്മ .**

**എന്ന ജീവിത വിജയം തൻ**

**എന്ന അമ്മയാണല്ലോ ......**

**എന്ന ജീവൻതൻ എന്റെയമ്മയാണല്ലോ.......**

Krishna p s
VIII A

# വിദ്യാധനം സർവ്വധനാൽ പ്രധാനം

ഭാരതത്തിൽ സാക്ഷരതാ ഏറ്റവും കൂടുതലുള്ള സംസ്ഥാനം കേരളമാണ് നമ്മുടെ ചില ജില്ലകൾ ഇതിനോടകം നൂറു ശതമാനം സാക്ഷരതാ നേടിക്കഴിഞ്ഞു എന്നിരുന്നാലും കേരളത്തിൽ നൂറുശതമാനവും വിദ്യാസമ്പന്നരെപ്പോലെയാണോ പെരുമാറുന്നത് പ്ര ത്യേകിച്ചു പൊതുരംഗങ്ങളിലും സാമൂഹിക വേദികളിലും നമ്മുടെ വിദ്യാഭ്യാസരംഗം ഇന്ന് പ്രസൻസ് കലുഷിതമാണ് വിദ്യാഭ്യാസ മണ്ഡലത്തിൽ സമൂലമായ ഒരു പൊളിച്ചെഴുത്തു ആവശ്യമാണെന്ന് പലരുംതങ്ങിയിട്ടുണ്ട് ഉറക്കെ ചിന്ധിച്ചു തുടങ്ങിയിട്ടുണ്ട് ഇന്നത്തെ വിദ്യാഭ്യാസം ലക്ഷ്യത്തിൽ എത്തുന്നില്ല എന്നതാണ് ഈ ചിന്താഗതിക്കഥാരം

മഹാകവി ടാഗോറിന്റെ അഭിപ്രായത്തിൽ വിദ്യാഭ്യാസം കേവലം പുസ്തകപഠനമല്ല അത് ഓരോ വ്യക്തിയിലും അന്ധർ ലീനമായ കഴിവുകളെ പുറത്തു കൊണ്ടുവരുന്ന ശക്തിയാണ് പ്രപഞ്ച കർത്താവ് സൃഷ്ടിയുടെ മകുടം എന്ന പദവി നല്കളിയിരിക്കുന്നത് മനുഷ്യന് മാത്രമാണ് അതിനാൽ വിദ്യാഭ്യാസത്തിലൂടെ വ്യക്തിത്വത്തിന്റെ എല്ലാ മേഖലകളെയും വികസിപ്പിക്കുക എന്നത് മനുഷ്യന്റെ കടമയാണ് കൊണ്ട് മനസ്സിലെ മാലിന്യങ്ങൾ ദൂരീകരിച്ചു ശത്രു മിത്ര ഭേത മന്യേ എതൊരാൾക്കും ഉപകാരമുള്ള വ്യക്തിത്വത്തിന്റെ ഉടമയായിത്തീരുവാൻ ഓരോ വിദ്യാർത്ഥിയും ശ്രമിക്കേണ്ടതാണ്

ഉപജീവനം നീട്ടാനുള്ള യോഗ്യതയോ അതിനുള്ള മാർഗമോ ആയി വിദ്യാഭ്യാസത്തെ കണക്കാക്കുന്നവരുണ്ട് ഈ ചിന്താഗതി പൂർണമായും ശരിയല്ല പണസമ്പാദനവും അഭിഷ്ട സിദ്ധിയുമല്ല വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ധാർമികവും ആധ്യാത്മികവുമായ വളർച്ച സാധിക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം മതവും ധാർമികമൂല്യങ്ങളും വിദ്യഭ്യാസത്തിന്റെ അവിഭാജ്യഘടകങ്ങളാണ് മതങ്ങൾ മനുഷ്യന്റെ സാംസ്ക്കാരിക വളർച്ചയെ സഹായിക്കുന്നു ധാർമിക മൂല്യങ്ങളെ വളർത്തിയെടുക്കാൻ പ്രേരിപ്പിക്കുന്നു ദൈനംദിന ജീവിതത്തിൽ സത്യം ധർമം നീതി എന്നിവ പാലിക്കുവാൻ ശരിയായ വിദ്യസഭ്യാസം ഒരുവനെ സഹായിക്കുന്നു സകല അധർമ്മങ്ങൾക്കും ഹേതു അറിവില്ലായ്മയാണ്

ശ്രീനാരായണ ഗുരു ഉപദേശിച്ചിട്ടുള്ളതുപോലെ വിദ്യാഭ്യാസം കൊണ്ട് പ്രബുദ്ധരാകുവാനാണ് വരും തലമുറ ശ്രമിക്കേണ്ടത് അറിവും സംസ്കാരവും ജീവിതവിജയത്തിനാവശ്യമാണ് വിദ്യാഭ്യാസ കാലഘട്ടം ഇവാ രണ്ടും പ്രധാനം ചെയ്യുന്നുണ്ട് അത് പരമാവധി പ്രയോജനപ്പെടുത്തിയാൽ ജീവിതവിജയം തീർച്ച

ജെറോം ജോസഫ്<br>VIII A

# മെഴുകുതിരി

വെളിച്ചം പകരുന്ന തീജ്വാലയാണ് ഞാൻ
ആത്മാവിനു പ്രകാശം പരത്തുന്നതാണീ വെളിച്ചം
പ്രകാശം തന്റെ വേദനകളാൽ വെന്തുരുകുന്നു
പ്രപഞ്ചത്തിനായ് മാനവർക്കായ് ആയിരങ്ങൾക്കായ് വെന്തുരുകുന്നു ഞാൻ
തന്റെ പ്രകാശം ഊതി ആനക്കുന്നവരുണ്ടീ ഭൂവിൽ
എങ്കിലും ഒരുനാളീ വെളിച്ചത്തെ കെടുത്തുവാനാകില്ല സോദരരെ
ഒരുനാളീ പ്രകാശം മതിഞ്ഞ ഭവനങ്ങളൊന്നു തെളിയാൻ
എന്നതല്ല നടക്കുന്നതീ ഭൂവിൽ വൈദ്യുതിയായി എമെർജെൻസിയായ്
മനുജൻ പോലുമുപേക്ഷിച്ച വെറുമൊരു മാലിന്യമാണിന്നു ഞാൻ
വെന്തുരുകി നീറി നീരുറവയായി ലൊകമെമ്പാടും ജ്വലിച്ചിരുന്നു ഞാൻ
വീട്ടുമുറ്റത്തും ഉമ്മറത്തും എന്നുമൊരു ഐശ്വര്യമായിരുന്നു ഞാൻ
ഇന്നും കത്തി ജ്വലിക്കുന്നു ഞാൻ വെറുമൊരു പാഴ്വസ്തുവായി
എങ്കിലും ഞാൻ ഇന്നും തെളിയുന്നു എന്റെ നാഥന് മുന്നിൽ
എരിയുന്ന ചൂടിനാൽ എന്റെ ശരീരം ഉരുകി വെറുമൊരാവശിഷ്ടമായി
മഞ്ഞ പ്രകാശം നിറഞ്ഞൊരു ഭൂമിയാണെൻ മനതാരിൽ
മുല്ലപ്പൂവിന് നിറത്തിലും സുഗന്ധത്തലും ഭംഗി എറിയതാണെന് ശരീരം

നിമിഷങ്ങളോളം ജ്വലിച്ചെന്റെ ആകൃതി മാഞ്ഞു ഭംഗി മാഞ്ഞു ഇരിപ്പിടത്തിൽ നിന്നും ഞാൻ അപ്രത്യക്ഷ്യമായി ശൂന്യമായി

മാനവർക്കായി ഞാനെന്റെ ജീവൻ സമർപ്പിച്ചു എന്നെപ്പോലായിരങ്ങൾ വെന്തുരുകി അതിനായി ഞാൻ ജനിച്ചു എന്റെ ധർമ്മം ഞാൻ നിറവേറ്റി

മെറിൻ ആൻ മേരി
VIII C



# വൈകി വന്ന വസന്തം

നേരം പ്രഭാതമായി, പുറത്ത് പക്ഷികളുടെ കളകളാരവം. അല്ലലില്ലാതെ അവ ഉത്സാഹത്തോടെ കൂടി പറന്നു നടക്കുന്നു. മോനെ ...... ഷാജി എണീറ്റ് കുളിച്ച് വല്ലതും കഴിക്, എന്നിട്ട് ആദ്യത്തെ വണ്ടിക്ക് തന്നെ പുറപ്പെടാൻ നോക്ക്. അടുക്കളയിൽ നിന്ന് അമ്മ ഓർമ്മപ്പെടുത്തി. നാളെയാണല്ലോ ഇന്റർവ്യൂ ഞാൻ അപ്പോഴാണ് ആ കാര്യം ഓർമ്മിച്ചത്. അല്ല ഇതിനകം എത്ര ഇന്റർവ്യൂ കഴിഞ്ഞിരിക്കുന്നു. എന്ത് ഫലം. കുളിച്ച് ഒരുങ്ങി ഇറങ്ങുമ്പോൾ അമ്മ കാപ്പി തയ്യാറാക്കി കഴിഞ്ഞിരുന്നു. മകന് ഒരു ജോലി കിട്ടിയിട്ട് മരിച്ചാൽ മതി എന്ന് ആഗ്രഹിക്കുന്ന അമ്മ.

അമ്മയുടെ ആഗ്രഹം വെറും മിഥ്യയാണ്. ഒരു ജോലി കിട്ടണമെങ്കിൽ കൈക്കൂലിയും ശുപാർശയും വേണം. അതിനുള്ള കഴിവ് നമുക്ക് ഉണ്ടോ ? എല്ലാം വിധി പോലെ ഇരിക്കും. ഞാൻ അമ്മയെ ആശ്വസിപ്പിച്ചു. യാത്ര പുറപ്പെടാൻ പടികളിറങ്ങുമ്പോൾ ആരോടെന്നില്ലാതെ അമ്മ പറയുന്നത് കേട്ടു, 'ദൈവമേ എന്റെ മോന് ഇത്തവണയെങ്കിലും ഒരു ജോലി കിട്ടണേ.'

ട്രെയിൻ ചൂളം വിളിയോടെ സ്റ്റേഷനിൽനിന്നും നീങ്ങി. എന്റെ ഓർമ്മകൾ വർഷങ്ങൾക്ക്

അപ്പുറത്തേക്ക് തിരിച്ചുനടന്നു. അന്ന് കോളേജിൽ പഠിക്കുന്ന കാലം.വായനയിൽ വലിയ കമ്പമായിരുന്നു. ടോൾസ്റ്റോയുടെയും ഷേക്സ്പിയറുടെ യും എത്രയെത്ര കഥകൾ വായിച്ചുകൂട്ടി. കൂട്ടുകാർ തന്നെ കളിയാക്കിയിരുന്നു. 'ഷാജി... താനൊരു പുസ്തകപ്പുഴു ആണല്ലോടാ'.നമുക്ക് സിനിമയ്ക്ക് പോകാം ഷാജി. അമിതാഭ് ബച്ചനും സ്മിതയും അഭിനയിക്കുന്ന ഹിന്ദി ചിത്രമാണ് കൂട്ടുകാർ ക്ഷണിച്ചു.

ഞാൻ വരുന്നില്ല നിങ്ങൾ പൊയ്ക്കോ സിനിമ കാണാൻ. ആഗ്രഹമില്ലാഞ്ഞിട്ടല്ല പണം വേണ്ടേ. അമ്മ എത്ര കഷ്ടപ്പെട്ടാണ് കുടുംബം പുലർത്തുന്നത്. അച്ഛൻ ഉണ്ടായിരുന്നെങ്കിൽ ഈ കഷ്ടപ്പാടുകൾ വരുമായിരുന്നില്ല. എട്ടു വയസ്സുള്ളപ്പോൾ അച്ഛൻ മരിച്ചത് ആണെന്ന് അമ്മ പറഞ്ഞിട്ടുണ്ട്. കമ്പാർട്ട്മെന്റ് ശബ്ദകോലാഹലങ്ങൾ ഓർമ്മകൾക്ക് വിരാമമിട്ടു. അയ്യോ എന്റെ പെട്ടി കണ്ടില്ല.മാന്യൻ ആണെന്ന് തോന്നിക്കുന്ന ഒരു മധ്യവയസ്കൻ വിലപിക്കുന്നത് കേട്ട് പുറകോട്ട് നോക്കിയപ്പോൾ മുഖംമൂടി ധരിച്ച ഒരാൾ ഓടുന്നത് കണ്ടു. പുറകെ ഓടി ചെന്ന് വണ്ടിയിൽ നിന്നും പുറത്തേക്കു ചാടാൻ തുടങ്ങിയ ആ മനുഷ്യന്റെ കോട്ടിൽ പിടിച്ചു വലിച്ചു, വിടാതെ നിർത്തി പെറ്റി തിരികെ വാങ്ങിച്ചു.

ആ പെട്ടിയിൽ 50,000 രൂപ ഉണ്ടായിരുന്നു. രൂപ തിരികെ കിട്ടിയ സന്തോഷത്തിൽ ആ മാന്യൻ എന്നെ തന്റെ അരികിലേക്ക് വിളിച്ചു. പെട്ടിയിൽ നിന്നും ആയിരം രൂപ എടുത്ത് എന്റെ നേരെ നീട്ടി. താങ്ക്യൂ ..... ഈ പണം എനിക്ക് വേണ്ട സാർ.

എന്റെ സന്തോഷത്തിനു വേണ്ടി എങ്കിലും താങ്കൾ ഇത് വാങ്ങിക്കും പ്ലീസ്.

സോറി ഞാൻ ചോദിക്കാൻ മറന്നുപോയി, എന്താണ് താങ്കളുടെ പേര് ?

ഷാജി ഞാൻ ഉത്തരം പറഞ്ഞു.

ഷാജി എത്രുവരെ പഠിച്ചിട്ടുണ്ട് ?

ബി. എ. ഫസ്റ്റ് ക്ലാസിൽ പാസായിട്ടുണ്ട്.

വണ്ടി ബോംബെയിലെത്തി.യാത്രക്കാർ എല്ലാവരും ഇറങ്ങി. ഞാൻ അടുത്ത ഒരു ലോഡ്ജിൽ മുറിയെടുത്തു താമസിച്ചു. പിറ്റേദിവസം ഇന്റർവ്യൂ നടക്കുന്ന സ്ഥലത്തേക്ക് പുറപ്പെട്ടു. പത്ത് മണിക്കാണ് ഇന്റർവ്യൂ. പ്യൂൺ വാതിൽക്കൽ വന്ന് പേര് വിളിച്ചു, ഞാൻ കയറിച്ചെന്നു.അകത്തു കയറിയതും ഞാൻ അത്ഭുതപ്പെട്ടുപോയി. ഇന്നലെ ട്രെയിനിൽ വച്ച് കണ്ട ആ മാന്യനാണ് കസേരയിൽ ഇരിക്കുന്നത്. ഗുഡ് മോർണിംഗ് സാർ...

ഗുഡ്മോണിങ് മിസ്റ്റർ ഷാജി... താങ്കളുടെ സത്യസന്ധതയെ മാനിച്ച് നിങ്ങളെ എന്റെ വില്യംസ് എസ്റ്റേറ്റിലെ മാനേജറായി നിയമിച്ചിരിക്കുന്നു. അടുത്ത ആഴ്ച തന്നെ ജോലിയിൽ പ്രവേശിച്ചോളൂ.

താങ്ക്യൂ സാർ... വൈകി വന്ന വസന്തം ഓർത്ത് സന്തോഷത്തോടെ നാട്ടിലേക്ക് യാത്രയായി. അമ്മേ എനിക്ക് ജോലി കിട്ടി. വീട്ടിൽ ചെന്ന് കയറിയത് അമ്മയോട് പറഞ്ഞു. സന്തോഷാധിക്യത്താൽ അമ്മയുടെ കണ്ണുകൾ നിറഞ്ഞു. ഈറനണിഞ്ഞ കണ്ണുകളോടെ അമ്മ പറഞ്ഞു. മോനെ.. ഈശ്വരൻ രക്ഷിച്ചു.

ANEETTA TOMY



# മലകൾ പുഴകൾ

അങ്ങനെ നിൽക്കുന്നു ചൈന വൻമതിൽ
പോലെ ഹരിതം നിറഞ്ഞ മലകൾ
ഇങ്ങിതാ കാണുന്നു താളമിട്ടാടി
ഒഴുകുന്ന പുഴകൾ
ഈ മനോഹാരിതയെ കുളിരിലാക്കി
പെയ്യുന്നു മഴകൾ
ഇവയില്ലെങ്കിൽ ഈ പ്രകൃതിയില്ല
ഈ മനോഹാരിതയില്ല നാം ഇല്ല
പ്രകൃതിയെന്നാൽ ഒറ്റ വാക്കിൽ തിരുന്ന ഒന്നല്ല
അത് ഒരു കൂട്ടം ഒരു കൂട്ടം
പ്രതിഭാസങ്ങളുടെ വൃന്ദാവനമാണ്

എം എം ജ്യോതി



# കറുത്ത പുഷ്പങ്ങൾ

സ്കൂൾ തുറന്നു ലക്ഷ്മി അമ്മ നെട്ടോട്ടം തുടങ്ങി.ഗോപന് പുസ്തകം വാങ്ങണം. തയ്യൽ കടയിൽ നിന്ന് യൂണിഫോം മേടിക്കണം. ബാഗ് വേണം, ചെരിപ്പു വേണം, എല്ലാത്തിനും കൂടെ നല്ലൊരു തുകയാകും. എന്താ ചെയ്യുക? അവർ ആലോചിച്ചു. ഒരു എത്തും പിടിയും കിട്ടുന്നില്ല.

കഴിഞ്ഞകൊല്ലം അതിയാൻ ഉണ്ടായിരുന്നതുകൊണ്ട് എല്ലാത്തിനും ഓടിനടന്നു കൊള്ളാമായിരുന്നു. ഈവർഷം താൻ തനിയെ. ലക്ഷ്മി അമ്മയുടെ മിഴികൾ ഈറനണിഞ്ഞു. വിധി അവരെ അകാലത്തിൽ വിധേയയാക്കി തീർത്തു. പക്ഷേ വിധി തീർത്ത വെല്ലുവിളികളിൽ അവർ പതറിയില്ല. ധീരമായി നേരിട്ടു. അയൽവക്കത്തെ വീടുകളിൽ അല്ലറ ചില്ലറ പണികൾ എടുത്ത് അവർ ഗോപുവിനെ വളർത്തി. ഒരേയൊരു മകൻ അവന്റെ സന്തോഷം ആയിരുന്നു അവരുടെ സന്തോഷം. അവന്റെ വളർച്ചയും ഉയർച്ചയും മാത്രമായിരുന്നു അവരുടെ ലക്ഷ്യം.

അഞ്ചാം ക്ലാസിൽ എത്തിയ ഗോപൻ പഠിക്കാൻ സമർത്ഥനാണ്. ഒരൊറ്റ ക്ലാസിലും തോൽക്കാതെ ആണ് അവൻ അവിടം വരെ എത്തിയത്. മുണ്ട് മുറുക്കിയുടുത്ത് മുറുക്കാൻ ഉപേക്ഷിച്ച് അവർ

അവരുടെ കാര്യങ്ങൾ സാധിച്ചു പോന്നു. സ്കൂൾ തുറന്നു ദിവസങ്ങൾ കഴിഞ്ഞിട്ടും ഗോപന് വേണ്ടതൊക്കെ വാങ്ങി കൊടുക്കുവാൻ ആ മാതാവിനെ കഴിഞ്ഞില്ല. ആ മാതൃഹൃദയം തേങ്ങി. മോനും ഇന്നും കൂടി അമ്മ പറയുന്നത് കേൾക്ക്. വൈകുന്നേരം അമ്മ പട്ടണത്തിൽ പോയി ചെരുപ്പും ബാഗും വാങ്ങിച്ചു കൊണ്ടുവരാം.

എത്ര നാളായി അമ്മ ഇങ്ങനെ പറയാൻ തുടങ്ങിയിട്ട്. അവന്റെ ക്ഷമ നശിച്ചു തുടങ്ങിയിരുന്നു. യൂണിഫോം ഇട്ടു കൊണ്ട് ചെല്ലാത്ത സാർ എത്രമാത്രം വഴക്ക് പറഞ്ഞു എന്ന് അമ്മയ്ക്ക് അറിയാമോ. ബുക്കും പുസ്തകവും വാങ്ങിക്കാനുള്ള കാശ് എങ്കിലും താ അമ്മെ. ആ കൊച്ചു ഹൃദയത്തിൽ ദുഃഖത്തിന് കരി നിഴലുകൾ വീണു കഴിഞ്ഞിരുന്നു.

ലക്ഷ്മിയമ്മ അവന്റെ തലമുടി ഒതുക്കിയിട്ട്, ആ നെറ്റിയിൽ ചുംബിച്ചു കൊണ്ട് പറഞ്ഞു, എന്റെ പൊന്നുമോൻ എന്നും കൂടി സ്കൂളിൽ പോ നാളെ അമ്മ എല്ലാം വാങ്ങിച്ചു തരാം. വലിയൊരു മഴ വരുന്നുണ്ട് അതിനുമുമ്പ് മോൻ ഓടി പൊയ്ക്കോ. എങ്കിൽ ഞാൻ നാളെ സ്കൂളിൽ പോകാം അമ്മേ അവൻ പറഞ്ഞു.
അപ്പോൾ മോന് എന്നെ വിശ്വാസമില്ല അല്ലേ. അവരുടെ മിഴികൾ നിറഞ്ഞു.അത് കണ്ടപ്പോൾ

ഗോപന് ദുഃഖം തോന്നി. അതുകൊണ്ടല്ല അമ്മേ സാറും ആരുടെ വഴക്ക് സഹിക്കാൻ വയ്യ,പിന്നെ കൂട്ടുകാരുടെ കളിയാക്കലും. ഞാൻ നാളെ എല്ലാം മേടിക്കും എന്ന് സാറിനോട് പറ. സാർ പറയും നാളെ നാളെ നീളെ നീളെ എന്ന്.അവർക്ക് അതിന് മറുപടി ഉണ്ടായിരുന്നില്ല. ആകാശത്തിൽ ഉരുണ്ടുകൂടുന്ന കാർമേഘങ്ങൾ നോക്കി ആ അമ്മേ നിശബ്ദയായി നിന്നു. അവരുടെ ഉള്ളിലും കാർമേഘങ്ങൾ ഉരുണ്ട്കൂടുന്നുണ്ടായിരുന്നു.

ശരി അമ്മേ ഞാൻ പോകുന്നു. എന്തോ തീരുമാനിച്ചതുപോലെ ഗോപൻ സ്കൂളിലേക്ക് നടന്നു. കീറിയ ഷർട്ടും നിക്കറും ഇട്ടുകൊണ്ട് നടന്നകലുന്ന മകനെ അവർ ഒട്ടും നേരം കണ്ണീരോടെ നോക്കി നിന്നു.

അന്നുച്ചയ്ക്ക് ലക്ഷ്മിയമ്മ എവിടെയെല്ലാമോ സമ്പാദിച്ച് തുകയുമായി പട്ടണത്തിലേക്ക് വണ്ടികയറി.

ആകാശത്ത് കണ്ട കാർമേഘങ്ങൾ പെയ്തു തുടങ്ങി. മഴ ഓരോ നിമിഷവും ശക്തിപ്പെട്ടു വന്നു. അന്തരീക്ഷം ഒക്കെ ഇരുണ്ടു, കാറ്റ് ആഞ്ഞു വീശി, തെങ്ങുകളും മരങ്ങളും കടപുഴകി വീണു,കെട്ടിടങ്ങൾ വിറകൊണ്ടു.

കുടയും ചെരുപ്പും ബാഗും വാങ്ങി ലക്ഷ്മി അമ്മ തിരിച്ചു ഗ്രാമത്തിലെത്തി. അവർ കടയിൽ കയറി. എടാ രാമുവേ... ഗോപൻ എന്റെ

കുടുംബം നിക്കറും തൈചോട്ടാ. തയ്ച്ചു ചേച്ചി. രാമു മെല്ലെ എണീറ്റു.അയാളുടെ മുഖം വിളറി വെളുത്തിരുന്നു. അതുകണ്ട് അവർ തിരക്കി നിന്റെ മുഖം കണ്ടിട്ട് ഉടുപ്പ്

അടിച്ചില്ല എന്ന് തോന്നുന്നു. ഏയ്... എല്ലാം അടിച്ചു... അയാൾ ചിന്തയിൽ നിന്നും ഉണർന്നു എന്ന മട്ടിൽ പറഞ്ഞു. അയാൾ അലമാരിയിൽനിന്നും ഒരു പൊതിയെടുത്ത് അവരുടെ നേരെ നീട്ടി.കാശിപോ വേണ്ട ചേച്ചി കുറച്ചു മുമ്പ് ആ ഗ്രാമത്തിൽ നടന്ന ദുരന്ത സംഭവം ഓർമ്മിച്ച് അയാൾ പറഞ്ഞു. വേണ്ട രാവുണ്ണി ലക്ഷ്മി ചേച്ചിക്ക് കടം ഒന്നും വേണ്ട എത്രയാ കൂലി എന്ന് പറ.അയാൾ തുക പറഞ്ഞു അവർ പൈസ എടുത്തുകൊടുത്തു. പൈസയും പിടിച്ചുകൊണ്ട് നിർവികാരമായ രാവുണ്ണി നിൽക്കുമ്പോൾ ലക്ഷ്മി അമ്മ ഇറങ്ങി നടന്നു. കൈകളിൽ നിറയെ പൊതി കെട്ടുകളുമായി ഗ്രാമ വീഥിയിലൂടെ അവർ പരിസരം മറന്നു നടന്നു. അതുകൊണ്ടുതന്നെ വഴിയിൽ ഉയർത്തിക്കെട്ടിയ കരിങ്കൊടി കണ്ടില്ല, ഗ്രാമവാസികളുടെ വേദനിക്കുന്ന മുഖവും കണ്ടില്ല.

പുത്തൻ ഷർട്ടും നിക്കറും ഇട്ട് സഞ്ചിയും തോളത്ത് തൂക്കി സ്കൂളിലേക്ക് തുള്ളി ചാടി പോകുന്ന ഗോപനെ അവർ ഭാവനയിൽ കണ്ടു.

ലക്ഷ്മി... എടീ ലക്ഷ്മി... വിളികേട്ട് ചിന്തയിൽ നിന്നുണർന്നു തിരിഞ്ഞുനോക്കി, നെഞ്ചത്തടിച്ചു കരഞ്ഞുകൊണ്ട് അയൽവക്കത്തെ നാണിതള്ള ഓടിവരുന്നു ഓടി വരുന്നു. പോയെടീ.. നമ്മുടെ മക്കൾ പോയെടീ.. എന്റെ കുട്ടനും നിന്റെ ഗോപനും പോയെടി... അവർ വീണ്ടും എന്തൊക്കെയോ പുലമ്പി അതൊന്നും ലക്ഷ്മിയമ്മ കേട്ടില്ല. അവർ കേട്ടത് അടുത്തു നിന്ന് ആരോ പറഞ്ഞ വാക്കുകളായിരുന്നു.

കുറച്ചു മുമ്പുണ്ടായ കൊടുങ്കാറ്റിലും മഴയിലും പെട്ട് സ്കൂൾ തകർന്നു വീണു മരിച്ച ഗോപന്റെ അമ്മയാണ് ഈ സ്ത്രീ.

എന്റെ മോനേ.... ഗോപൻ മോനെ... ഒരലർച്ചയോടെ അവർ പെരുവഴിയിൽ തളർന്നുവീണു. പൊതു കെട്ടിനുള്ളിൽ നിന്ന് ചിതറിത്തെറിച്ച കുടയും ബാഗും ചെരുപ്പും വസ്ത്രങ്ങളും തകർന്ന അവരുടെ ജീവിതത്തെ പ്രതിഫലിപ്പിക്കുംമാറ് അവർക്ക് ചുറ്റും അനാഥമായി കിടന്നു.....

ARDRA SIBY

# പുഞ്ചിരി



പൂഞ്ചിരിക് പണച്ചിലവില്ല.

പക്ഷെ അത് അത്ഭുതങ്ങൾ സൃഷ്ഠിക്കുന്നു.

അത് നൽകുന്നവരെ ദരിദ്രനാകാതെ

സ്വീകരിക്കുന്നവരെ ധനവാനാക്കുന്നു.


പുഞ്ചിരിയുടെ ഭാവശുദ്ധി

അനശ്വരമാണ്പുഞ്ചിരിയെ

അവഗണിക്കുവാനൊരു

ധനികനും സാധ്യമല്ല.

അതിന്റെ ഗുണം ലഭിക്കാത്ത ഒരു ദരിദ്രനുമില്ല.



# പൂവ്

നാളേറെയായി കാത്തു നിൻ
പ്രിയ ശോഭയായി ലിക്കുന്ന പുഷ്പമേ!
എന്ന പുണ്യപുഷ്പമേ!

പ്രകൃതിയേൻ  അനുഗ്രഹീത  ലാളനത്തിൽ
പൂത്തുലഞ്ഞു നില്കുന്നു നീ
യൊരു പൂർണ പുഷ്പമായി മാറിക്കഴിഞ്ഞു.

ആ നിന്റെ വശ്യാമാം സുനമത!
ഈ  ലോകമാം  നമ്മൾ നുകരുമ്പോൾ
എത്ര സുന്ദരമാണ് ആ നിമിഷം

ഈ ശാന്തമാം  ശാലീനതയിൽ
തിളങ്ങിയാടുമി കാലത്തിൽ സൃഷ്ടിതൻ
പുണ്യപുഷ്മേ നിനക്കെന്റെ വന്ദനം .

# പഴം ചൊല്ലിൽ പതിരില്ല

1. കൊടുത്താൽ കൊല്ലത്തും കിട്ടും
2. കോഴി കട്ടവന്റെ തലയിൽ പപ്പിരിക്കും
3. സൂചി കൊണ്ട് എടുക്കേണ്ടത് തൂമ്പ കൊണ്ട് എടുക്കുക
4. എലിയെ കൊല്ലാൻ ഇല്ലം ചുടണോ?
5. എരി തീയിൽ എണ്ണ ഒഴിക്കുക
6. പുത്തനച്ചി പുരപ്പുറം തൂക്കും
7. ആനവായിൽ അമ്പഴങ്ങ
8. നായ നടുക്കടലിലും നക്കിയേ കുടിക്കൂ
9. തോളിലിരുന്നു ചെവി കടിക്കുക
10. വേലിയിൽ കിടന്ന പാമ്പിനെ എടുത്തു തോലിളിടുക
11. അക്കരെ നിന്നാൽ ഇക്കരെ പച്ച
12. അങ്ങാടിയിൽ തോറ്റതിന് അമ്മയോട്
13. അടി കൊള്ളാൻ ചെണ്ടയും പണം പറ്റാൻ മാരാരും

14. അങ്കവും കാണാം താളിയും ഒടിക്കാം

15. അട്ടയെ പിടിച്ചു മെത്തയിൽ കിടത്തിയാൽ

16. അടി തെറ്റിയാൽ ആനയും വീഴും

17. ആന മെലിഞ്ഞാൽ തൊഴുത്തിൽ കെട്ടുമോ?

18. ഇരുന്നിട്ട് വേണം കാലു നീട്ടാൻ.

19. ഉപ്പു തിന്നണവൻ വെള്ളം കുടിക്കും



# സ്നേഹം

ഏഴ് വർണ്ണങ്ങൾ നിറയുന്ന ഭാവം
നീലാകാശത്തിൽ അലിയുന്ന ചിത്രം
മോഹനവർണ്ണം ആരും കൊതിക്കുന്ന
സ്നേഹം വാഴവില്ലിൻ മനോഹാരിതയേകിടുന്നു
മാഞ്ഞുപോൽ അലിയുന്ന സ്നേഹം
പ്രകൃതി തൻ മിർമ്മല സ്നേഹം
മലരായ് വിടരുന്ന പൂക്കൾ പോൽ
ശലഭങ്ങൾ പോൽ ചാരെ അണഞ്ഞിടുന്നു

മഴ നനയുന്ന പക്ഷികൾ തൻ
കൊഞ്ചലും, ഇറ്റിറ്റുവീഴുന്ന
കണ്ണീർ തുള്ളി തൻ ഭാവവും സ്നേഹമായ്
ചിപ്പിക്കുള്ളിലെ മാഞ്ഞുപോൽ  അരികെയെത്തി.

**അലീന ജോജോ**

**VII B**

# മാറ്റങ്ങളുടെ മാർപാപ്പ



ഫ്രാൻസിസ് മാർപാപ്പ മാറ്റങ്ങളുടെ മാർപാപ്പയാണ്. ശൈലിയിലും വിശ്വാസങ്ങളിലും പ്രവൃത്തികളിലും തീരുമാനങ്ങളിലുമെല്ലാം. പലർക്കും അശുഭമായ സംഖ്യയാണ് 13. ലോകമെങ്ങുമുള്ള കത്തോലിക്കാ വിശ്വാസികളുടെ തലവനായി അർജന്റീനക്കാരനായ ഹോസെ മാരിയോ ബെർഗോഗ്ലിയോ അഭിഷിക്തനായത് ഒരു പതിമ്മൂന്നാം തീയതിയാണ്. 2013 മാർച്ചിൽ. വൈദികപട്ടം സ്വീകരിച്ചതും ഒരു പതിമ്മൂന്നിനാണെന്നത് യാദൃച്ഛികം. 1969-ലെ ഡിസംബറിൽ. ഞായറാഴ്ചകളിലാണ് സാധാരണ മാർപാപ്പയുടെ സ്ഥാനാരോഹണച്ചടങ്ങുകൾ നടക്കുന്നത്. എന്നാൽ ഇദ്ദേഹത്തിന്റെ സ്ഥാനാരോഹണം ഒരു ചൊവ്വാഴ്ചയായിരുന്നു. ഇതിലൊന്നും അദ്ദേഹം ഒരു 'ദോഷ'വും കണ്ടില്ലെന്നുറപ്പ്.

1282 വർഷങ്ങൾക്കുശേഷമാണ് യൂറോപ്പിന് പുറത്തു നിന്നൊരാൾ മാർപാപ്പായി തിരഞ്ഞെടുക്കപ്പെടുന്നത്. ദക്ഷിണാർദ്ധ ഗോളത്തിൽനിന്നുള്ള ആദ്യ മാർപാപ്പ, ലാറ്റിൻ അമേരിക്കയിൽനിന്നുള്ള ആദ്യ മാർപാപ്പ, ക്രൈസ്തവ സംന്ന്യാസസമൂഹമായ ജസ്യൂട്ട് (ഈശോ സഭ) കൂട്ടായ്മയിൽനിന്നുള്ള ആദ്യ മാർപാപ്പ തുടങ്ങിയ വിശേഷണങ്ങളുമുണ്ട്.

ക്രിസ്തുവിനെ അതേപോലെ ജീവിതത്തിൽ അനുകരിക്കുന്ന സ്നേഹത്തിന്റെയും സമാധാനത്തിന്റെയും പതാകവാഹകനും രണ്ടാം ക്രിസ്തുവെന്ന് വിശേഷണവുമുള്ള വ്യക്തിയാണ് അസീസിയിലെ വിശുദ്ധ ഫ്രാൻസിസ്. പാവങ്ങളോടും പരിസ്ഥിതിയോടും ഇഴചേർന്ന് ജീവിച്ച ഈ വിശുദ്ധനോടുള്ള ബഹുമാനാർഥമാണ് ഫ്രാൻസിസ് എന്ന പേര് ഇപ്പോഴത്തെ മാർപാപ്പ സ്വീകരിച്ചത്. ആദ്യമായാണ് ഫ്രാൻസിസ് എന്നപേര് ഒരു മാർപ്പാപ്പ ഔദ്യോഗിക നാമമായി സ്വീകരിക്കുന്നത്.

ബെനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ സ്ഥാനത്യാഗത്തിനുശേഷം പുതിയ മാർപാപ്പയുടെ തിരഞ്ഞെടുപ്പിനുള്ള കർദിനാൾമാരുടെ കോൺക്ലേവിന്റെ ആദ്യദിനം മാർപാപ്പയെ തിരഞ്ഞെടുത്തില്ല. രണ്ടാംദിവസം വത്തിക്കാനിലെ സിസ്റ്റൈൻ ചാപ്പലിലെ പുകക്കുഴലിൽനിന്ന് വെളുത്ത പുക ഉയർന്നപ്പോഴും പുറത്തുനിന്ന ആരും കരുതിയിരുന്നില്ല പുതിയ മാർപാപ്പ അർജന്റീനയിൽ നിന്നുള്ള ഹോസെ മാരിയോ ബെർഗോഗ്ലിയോ ആയിരിക്കുമെന്ന്. വത്തിക്കാനിലെ സെയ്ന്റ് പീറ്റേഴ്സ് ചത്വരത്തിൽ തിങ്ങിക്കൂടിയ ആയിരക്കണക്കിന് പേരെ നോക്കി അർജന്റീനക്കാരനായ തന്നെ മാർപാപ്പയായി തിരഞ്ഞെടുത്തതിനെ ഫലിതരൂപേണ വിശദീകരിച്ചത് ഇങ്ങനെ-'ശുഭസായാഹ്നം, പ്രിയപ്പെട്ടവരേ നിങ്ങൾക്കറിയാം കോൺക്ലേവ് റോമിന് ഒരു ബിഷപ്പിനെ നൽകിയിരിക്കുകയാണ് പക്ഷെ അതിനുവേണ്ടി എന്റെകൂടെയുള്ള കർദിനാൾ സഹോദരന്മാർക്ക്

ലോകത്തിന്റെ അങ്ങേയറ്റത്തു വരെ പോകേണ്ടതായി വന്നു.'

അഭയാർഥികളുടെ മുൻപിൽ വാതിൽ അടയ്ക്കുന്നവൻ ക്രിസ്ത്യാനിയല്ലെന്നാണ് ഫ്രാൻസിസ് പാപ്പ പറയുന്നത്. താനും ഒരുഅഭയാർഥിയായിരുന്നുവെന്ന് അദ്ദേഹം പറയും. ദാരിദ്ര്യംമൂലം ഇറ്റലിയിൽനിന്ന് അർജന്റീനയിലേക്ക് കുടിയേറിയ കുടുംബത്തിലെ അംഗം. റെയിൽവേ ജീവനക്കാരനായ മാരിയോ ബെർഗോഗ്ലിയോയുടെയും വീട്ടമ്മയായ മരിയ സിവോരിയുടേയും അഞ്ചുമക്കളിൽ ഒരുവനായി 1936 ഡിസംബർ 17-നാണ് ഹോസെ മാരിയോ ബെർഗോഗ്ലിയോ എന്ന ഇന്നത്തെ ഫ്രാൻസിസ് മാർപാപ്പയുടെ ജനനം.

ലാളിത്യത്തിന്റെ പര്യായമാണ് ഫ്രാൻസിസ് മാർപാപ്പ. അർജന്റീനയുടെ തലസ്ഥാനമായ ബ്യൂണസ് ഐറിസിലെ സഭാതലവനായിരിക്കുമ്പോൾ കർദിനാളിന്റെ ഔദ്യോഗികവസതി ഉപേക്ഷിച്ച് നഗരത്തിലെ ചെറിയ അപ്പാർട്ട്മെന്റിൽ ജീവിക്കുകയും സ്വയം ആഹാരം പാകംചെയ്യുകയും പൊതുഗതാഗത സംവിധാനങ്ങൾ ഉപയോഗിക്കുകയും ഔദ്യോഗികാവശ്യങ്ങൾക്ക് മറ്റുരാജ്യങ്ങളിലേക്ക് പറക്കേണ്ടിവരുന്പോൾ ഇക്കോണമി ക്ലാസിൽ വിമാനത്തിൽ യാത്രചെയ്യുകയും ചെയ്തിരുന്ന മാതൃകാപുരുഷൻ.

ചെറുപ്പകാലത്തുണ്ടായ രോഗത്തിൽ അണുബാധമൂലം അദ്ദേഹത്തിന്റെ ഒരു ശ്വാസകോശം നീക്കം ചെയ്തിരുന്നു.

രസതന്ത്രത്തിൽ ഉന്നതബിരുദം നേടിയ ശേഷമാണ് ദൈവശാസ്ത്രപഠനത്തിനായി സെമിനാരിയിൽ ചേർന്നത്. ദൈവശാസ്ത്രത്തിലും തത്ത്വശാസ്ത്രത്തിലും ഉന്നതപഠനം നേടിയശേഷം അവിടെയുള്ള ഹൈസ്കൂളുകളിലും കോളേജുകളിലും സാഹിത്യം, തത്ത്വശാസ്ത്രം എന്നീവിഷയങ്ങൾ പഠിപ്പിച്ചിരുന്നു. 1967-ൽ ദൈവശാസ്ത്ര പഠനം പൂർത്തിയാക്കിയ ഇദ്ദേഹം 1969-ൽ വൈദികപട്ടം നേടി. തുടർന്ന് ബ്യൂണസ് ഐറിസിലെ സാൻമിഗെൽ സെമിനാരിയിൽനിന്ന് ബിരുദാനന്തര ബിരുദം നേടി. അവിടെത്തന്നെ ദൈവവശാസ്ത്ര അധ്യാപകനായി. 1973-79 കാലയളവിൽ ഈശോസഭയുടെ അർജന്റീന പ്രൊവിൻഷ്യൽ എന്ന ചുമതലയും വഹിച്ചു. പിന്നീട് സാൻ മിഗെൽ സെമിനാരിയുടെ അധിപനുമായി.

1992-ൽ ബ്യൂണസ് ഐറിസിലെ രൂപതയുടെ സഹായ മെത്രാനായി. മെത്രാനായിരുന്ന കർദിനാൾ അന്റോണിയോ ഗുറാസിനോ കാലംചെയ്തതിനെ തുടർന്ന് അതേവർഷം തന്നെ പിൻഗാമിയുമായി. ഒപ്പം അർജന്റീനയിലെ പൗരസ്ത്യ കത്തോലിക്കാ വിശ്വാസികളുടെതലവനായും സേവനമനുഷ്ഠിച്ചു.

വ്യത്യസ്തമതങ്ങളുടെ ആശയവിനിമയത്തെ അനുകൂലിക്കുന്ന ഫ്രാൻസിസ് മാർപാപ്പ സാധാരണക്കാരനായ യാഥാസ്തികൻ എന്നാണ് അറിയപ്പെടുന്നത്. അതിനാൽ ദൈവശാസ്ത്ര മേഖലയിൽ യാഥാസ്തികന്റെ കുപ്പായമാണ് ഫ്രാൻസിസ്

മാർപാപ്പയ്ക്കുള്ളത്. വൈദികബ്രഹ്മചര്യം, സ്ത്രീകളുടെ പൗരോഹിത്യം, കൃത്രിമ ജനനനിയന്ത്രണം, ഭ്രൂണഹത്യ, സ്വവർഗവിവാഹം തുടങ്ങിയ വിഷയങ്ങളിൽ സഭയിലെ പരിഷ്കരണവാദികളുടെ എതിർചേരിയിലാണ് ഫ്രാൻസിസ് മാർപാപ്പ എന്നതും ശ്രദ്ധേയം.



ആഗോള അസന്തുലിതാവസ്ഥ, ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷയില്ലായ്മ,സമാധാനമില്ലായ്മ, യുദ്ധങ്ങൾ, കുടിയേറ്റ പ്രതിസന്ധി, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം എന്നീ വിഷയങ്ങളിലും ഫ്രാൻസിസ് പാപ്പായുടെ നിലപാടുകൾ വളരെ ശക്തമാണ്. ലോകം മുഴുവൻസമാധാനം വേണമെന്ന പക്ഷക്കാരനും അതിനായി നിലപാടുകൾ എടുക്കുന്ന മാതൃകാവ്യക്തിത്വവുമാണ്.

ദരിദ്രന്റെ സുവിശേഷമാണ് ക്രിസ്തു. ക്രിസ്തു ദാരിദ്ര്യം സ്വയം ഏറ്റെടുത്തവ്യക്തിയാണ്. ദരിദ്രരോട് ഏകീഭവിക്കുന്ന ക്രിസ്തുവിന്റെഭാവം ദൈവശാസ്ത്രത്തിന്റെ കേന്ദ്രദർശനമാണ്. പാവങ്ങളോട് ഐക്യദാർഢ്യം കാണിച്ച് അവർക്കൊപ്പം ജീവിച്ച അസീസിയിലെവിശുദ്ധ

ഫ്രാൻസിസിന്റെ ജീവിതം മാതൃകയാക്കിയ ഫ്രാൻസിസ് മാർപാപ്പയെ സംബന്ധിച്ചെടുത്തോളം തന്റെ വാക്കുകൾപോലെ തന്നെയാണ് ജീവിതവുമെന്നതും ഇതിനകം തെളിയിച്ചുകഴിഞ്ഞിട്ടുണ്ട്.

ഈ വർഷം പൗരോഹിത്യ ശുശ്രൂഷയുടെ സുവർണജൂബിലി ആഘോഷിക്കുന്ന ഫ്രാൻസിസ് മാർപാപ്പ അശാന്തിനിറഞ്ഞ ഇന്നത്തെ ലോകത്തിൽ സമാധാനത്തിന്റെ നിറകുടമായി വിളങ്ങുന്നതിനും മാറ്റങ്ങളുടെ മാർപാപ്പ എന്ന വിശേഷണം അണിയുന്നതിനും കാരണവും മറ്റൊന്നുമല്ല

ROSE JOSEPH



# ഓർമ്മയ്ക്കായ്

ഒരായിരംസ്വപ്നങ്ങൾ പൂവണിഞ്ഞേക്കിലും
മൗനമായ് ആരോ പാടിയ ഗാനത്തിന്
ഈണംവിരഹമായി ചെയ്യാം
മോഹിച്ചുവെന്ക്കിലും
കാർമേഘങ്ങൾ തൻ മിഴികൾ മുകമാക്കി

വസന്തമായ് കരുതിയ എൻ വർണ്ണങ്ങൾ
പൊഴിഞ്ഞുപോയ ബാഷ്പങ്ങൾ ആകവേ
വേഴാമ്പപോൽ കാത്തിരുന്ന സ്വപ്നങ്ങൾ
കൊഴിഞ്ഞുവീണ കരിയിലകൾ
അന്നെന്നറിഞ്ഞതും വിരഹമായ്

വസന്തത്തിന് കൊഞ്ചലുകളും
മോഹമാവാക്കുകളും നിറമേകിയിരുന്നു
എന്ക്കിലും പിണിയുമെന്നറിഞ്ഞ നാളിൽ
മനസ്സിൽ കാര്മേഘത്തിൻ കുരിരുളായി
വരുമെന്ന് വീണ്ടും കൊതിച്ചെതെന്തിന് ?
മായാത്ത മൗനത്തിന് വർണ്ണങ്ങൾ നൽകിയ
സ്വപ്നങ്ങൾ കണ്ണീരിലലിഞ്ഞുവീണ്ടും
നിനക്കായ് കാത്തിരിപ്പു ....

ജ്യോതി എം എം

# കുമാരനാശാൻ

## വീണപൂവ്

ഈ ലേഖനത്തിലെ വിഷയത്തെ സംബന്ധിക്കുന്ന കൃതി വിക്കിഗ്രന്ഥശാലയിലെ വീണ പൂവ്എന്ന താളിലുണ്ട്.

1907ഡിസംബറിൽ ആണ് ആശാൻ വീണപൂവ്, മിതവാദി പത്രത്തിൽ പ്രസിദ്ധീകരിച്ചത്. മലയാള കാവ്യാന്തരീക്ഷത്തിൽ തികച്ചും നൂതനമായൊരു അനുഭവമായിരുന്നു വീണപൂവ് എന്ന ഖണ്ഡകാവ്യം. വിഷൂചിക പിടിപെട്ട് ആലുവയിലെ വീട്ടിൽ കിടപ്പിലായിരുന്ന ശ്രീനാരായണഗുരുവിന്റെ അവസ്ഥയിൽ നിന്നാണ് വീണപൂവിന്റെ ആദ്യവരികൾ രൂപം കൊണ്ടത് എന്ന് വിശ്വസിക്കുന്നു


ഹാ,പുഷ്പമേ,അധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരുരാജ്ഞികണക്കയേ!നീ
ശ്രീഭൂവിലസ്ഥിര-അസംശയം-ഇന്നുനിന്റെ-
യാഭൂതിയെങ്ങു പുനരിങ്ങു കിടപ്പിതോർത്താൽ

എന്നാരംഭിക്കുന്ന വീണപൂവിൽ, പൂവിന്റെ ജനനം മുതൽ മരണം വരെയുള്ള അതീവസൂക്ഷ്മമായ ഘട്ടങ്ങൾ മനുഷ്യജീവിതത്തിന്റെ നൈമിഷികതയെ ഓർമ്മിപ്പിച്ചുകൊണ്ട് കേവലം നാല്പത്തിയൊന്ന് ശ്ലോകങ്ങളിലൂടെ ഹൃദയസ്പർശിയാംവിധം ചിത്രീകരിച്ചിരിക്കുന്നു. തുടർന്ന് അക്കാലത്തെ പ്രധാനപ്പെട്ട സാഹിത്യമാസികയായ ഭാഷാപോഷിണിയിലും അത്

പ്രസിദ്ധീകരിച്ചു. അതോടെ ശ്രദ്ധേയനായ കവി എന്ന നിലയ്ക്ക് ആശാന്റെ സ്ഥാനം ഉറച്ചു. വീണപൂവിന്റെ പ്രസിദ്ധീകരണത്തോടുകൂടി ലഭിച്ച അംഗീകാരം ആശാനിലെ കവിക്ക് കൂടുതൽ പ്രചോദനമരുളി. വീണപൂവിനെതുടർന്ന് രചിച്ച തീയക്കുട്ടിയുടെ വിചാരം അദ്ദേഹത്തിന്റെ സാമൂഹികബോധത്തിന്റെ പ്രതിഫലനമായിരുന്നു.



# സൗഹൃദം



നിർമൽ സ്നേഹത്തിന്
നിറഞ്ഞൊരാശ്വാസത്തിൽ
നിശബ്ദമായി വിരിയുന്നു
നിഷ്കലകമായൊരു സൗഹൃദം

പൂതിയൊരും ലോകത്തിന് പിറവിയുടെ
പുതുനാദ  വീചിയെ
പുഞ്ചിരിതൂകി നാം
പുനഃസൃഷ്ഷ്ടിച്ചിടുന്നു

ഒരുപാട് സ്വപ്നങ്ങൾ നെയ്തു കൂട്ടി
ഒടുവിൽ പിരിയുമ്പോൾ തേങ്ങുന്ന നിമിഷം
ഓർമയിൽ സൂക്ഷിക്കാൻ നാമിതാ -
വീണ്ടും നൽകുന്നു
ഒരിക്കലും മറക്കാത്ത മായാത്ത
ഒരു നിറം പുഞ്ചിരി.

# പഴശ്ശിരാജ

കേരളത്തിൽ ബ്രിട്ടീഷ് സാമ്രാജ്യത്തിനെതിരെ യുദ്ധം പ്രഖ്യാപിച്ച ആദ്യ നാട്ടുരാജാക്കന്മാരിലൊരാളായിരുന്നു കേരളവർമ്മ പഴശ്ശിരാജാ. ബ്രിട്ടീഷുകാർക്കെതിരെ നടത്തിയ ചെറുത്തു നിൽപ്പുകൾ പരിഗണിച്ച് ഇദ്ദേഹത്തെ വീരകേരള സിംഹം എന്നാണ് ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രങ്ങളിൽ വിശേഷിപ്പിക്കുന്നത്. ബാലനായിരിക്കെ തന്നെ സ്വന്തം രാജ്യത്തെ സംരക്ഷിക്കാൻ പരദേവതയായ മുഴക്കുന്നിൽ ശ്രീപോർക്കലി ഭഗവതിയെ സാക്ഷിയാക്കി ദൃഢപ്രതിജ്ഞ ചെയ്ത പഴശ്ശിരാജാ തന്റെ വാക്ക് അവസാന ശ്വാസംവരെ കാത്തു സൂക്ഷിച്ചുവെന്നാണ് ചരിത്രകാരന്മാർ രേഖപ്പെടുത്തുന്നത്.

1805 നവംബർ 30ന് മാവിലത്തോട്ടിൻ തീരത്ത് വച്ച് മരിച്ചു. പഴശ്ശി ആത്മഹത്യ ചെയ്തെന്നും ബ്രിട്ടീഷ്കാരുടെ വെടിയേറ്റ് മരിച്ചു എന്നും രണ്ട് വാദം ഉണ്ട് . പഴശ്ശിയുടെ തലക്ക് കമ്പനി 3000 രൂപ പാരിതോഷികം പ്രഖ്യാപിച്ചിരുന്നു . പഴശ്ശിയുടെ കൂടെ ഉണ്ടായിരുന്ന കണ്ണവത്ത് നമ്പ്യാരെയും എടച്ചേന കുങ്കനെയും വധിച്ച് തല വെട്ടിയെടുത്ത് പ്രദർശിപ്പിച്ചിരുന്നു . ശത്രുവിൻറെ വെടിയേറ്റു മരിക്കുന്നത് പഴശ്ശിയെ പോലൊരാൾ ഒരിക്കലും ഇഷ്ടപ്പെടാൻ തരമില്ല . കൂടാതെ പഴശ്ശിയെ വക വരുത്താൻ നിയുക്തനായ ബ്രിട്ടീഷ് ഡെപ്യൂട്ടി കലക്റ്റർ [[തോമസ് എച്ച് ബേബർ|ടി എച്ച് ബേബരിന്റെ]] റിപ്പോർട്ടിൽ പഴശ്ശിയെ നൂറോളം കോൽക്കാരും ബ്രിട്ടീഷ് അനുകൂലി ആയ കരുണാകരമേനോനും വളഞ്ഞു എന്നും കരുണാകര മേനോനെ കണ്ട പഴശ്ശി 'ഛീ മാറി നിൽക്ക് എന്നെ

തൊട്ടു പോകരുത്' എന്ന് കല്പിക്കുകയും പിന്നെ കേൾക്കുന്നത് ഒരു വെടി ശബ്ദം ആണ് പറയുന്നു. അതിനാൽ പഴശ്ശി സ്വയം വെടി വച്ച് ആത്മഹത്യ ചെയ്യാൻ സാധ്യതയുള്ളതായി കണക്കാക്കപ്പെടുന്നു.



# ഒരു മെഴുതിരി വെളിച്ചം

എൻ മെഴുതിരി വെളിച്ചം
നിൻ വെളിച്ചമായി മാറുമ്പോൾ
എൻ കരച്ചിൽ നീ സാക്ഷിയാകുന്നുവോ
എൻ കരച്ചിൽ നിൻ ചിരിയാകുന്നുവോ
എൻ മെഴുതിരി വെളിച്ചം
നിൻ വെളിച്ചമായി മാറുമ്പോൾ
നീയിതാ വിദ്യയിൽ ജ്ഞാനിയായി മാറുന്നു
എൻ കരൾ പൊള്ളുന്ന വേദനയിലും
ഞാൻ നിന്നെ ആശ്രയമല്ലോ
അന്ധമാം കൂരിരുൾ നീക്കി ഞാനെത്തുന്നു പിന്നെ
പ്രകാശമാം നിൻ ജീവ വീഥിയിൽ
എൻ എരിയുന്ന ജീവിതം ഇന്നിതാ
നീളുന്നു നിൻ ജീവ വീഥികളിൽ
സസൂക്ഷ്മം സുഖകരവും.

-മേഘമോൾ സഹജൻ

# നന്മ ഒരിക്കലും മരിക്കില്ല



1999 ജനുവരി 23രാജ്യം ഞെട്ടലോടും അതിലുപരി ലജ്ജയോടും ഉറക്കമുണർന്ന ദിനം....നീണ്ട മുപ്പത്തിനാലു വർഷം അവരെ സ്നേഹിച്ച്, അവരിലേക്ക് ആരും തിരിഞ്ഞു നോക്കാത്ത, കുഷ്ഠരോഗികളെ സ്വാന്തനം നൽകി പരിചരിച്ച്, അക്ഷരം പഠിപ്പിച്ച്, മനുഷ്യസ്നേഹം എന്തെന്നു ഓതിക്കൊടുത്ത്....സസുഖം സ്വന്തം നാട്ടിൽ ജീവിക്കാമായിരുന്ന ഒരു കുടുംബം -'ഗ്രഹാം സ്റ്റെയ്ൻസിന്റെ കുടുംബം'.... തങ്ങളുടെ നിയോഗമായി കരുതിയ കുഷ്ഠരോഗി

പരിചരണത്തിനു തെരഞ്ഞെടുത്തതാകട്ടെ ഇന്ത്യൻ മണ്ണ്.

നാം അവരുടെ മഹത്വം തിരിച്ചറിയാതെ, ഭ്രാന്തവും വികലവും പൈശാചികവും സംസ്ക്കാരശൂന്യവുമായ പാരവശ്യത്തിൽ ചെയ്ത ക്രൂരവിനോദമാകട്ടെ ഒരിക്കലും തിരിച്ചു നൽകാൻ കഴിയാത്ത അവരുടെ അനുഗ്രഹീതവും മാതൃകാപരവുമായ ജീവിതവും, ഗ്ലാഡിസിനാകട്ടെ സ്വന്തം ഭർത്താവിന്റെയും രണ്ട് പിഞ്ച് കുഞ്ഞുങ്ങളുടെയും ഒരുപിടി ചാരവും.

നമ്മെ സ്നേഹിച്ചതിന് നാം തിരിച്ചു നൽകിയ ഉപഹാരം!!നമ്മെ ശുശ്രൂഷിച്ചതിന് നാം തിരിച്ചു നൽകിയ പാരിതോഷികം!! നമ്മെ അക്ഷരം പഠിപ്പിച്ചതിന് നാം തിരിച്ചു നൽകിയ വേതനം!!എന്നിട്ടും....ആ വിധവ ക്ഷമിച്ചു ക്രിസ്തു ക്ഷമിച്ചതുപോലെ! ഭർത്താവിന്റെയു മക്കളുടെയും ഘാതകരോടു പകയില്ലാതെ. അർജുൻ K P

# വികസനം

വീട് കയറും മുമ്പേ മതിൽ ഉയരുന്നു
വീട്ടുകാരനെ കാണും മുമ്പേ
കാവൽ പട്ടി കുരച്ചു ചാടുന്നു
പെണ്ണ് ചോദിക്കും മുമ്പേ
ഭൂമിയുടെ വിസ്തീർണം തിരക്കുന്നു
മാസ ശമ്പളത്തിൽ
അക്കങ്ങൾ എത്രയെന്നു തിരക്കുന്നു
നാമിങ്ങനെ വികസിച്ചാൽ
നാളെ നാടെന്താവും

**-ബിബി ബിനോയ്**

## നല്ല ജീവിതത്തിന് തോമസ് ജഫേഴ്സൺ നല്കുന്ന 10 നിർദേശങ്ങൾ

1. ഇന്ന് ചെയ്യാവുന്ന കാര്യം നാളത്തേക്ക് മാറ്റിവെക്കാതെ ഇരിക്കുക

2. നിങ്ങൾക്ക് ചെയ്യാവുന്ന കാര്യത്തിന് മറ്റൊരാളെ ഉപദ്രവിക്കാതിരിക്കുക

3. കയ്യിൽ കിട്ടുന്നതിനു മുമ്പ് പണം ചിലവാക്കാതിരിക്കുക.

4. വില കുറവാണെന്നു കരുതി നിങ്ങൾക്ക് ആവശ്യമില്ലാത്ത സാധനം വാങ്ങാതിരിക്കുക.

5. വിശപ്പ് ദാഹം കൊടുംതണുപ്പ് എന്നിവയ്ക്കു വേണ്ടതിനേക്കാൾ കൂടുതൽ വില നൽകണം അഹങ്കാരത്തിന്.

6. കഴിച്ച ആഹാരം കുറഞ്ഞു പോയെന്ന് ദുഖിക്കരുത്.


7. സ്വന്തം ഇഷ്ടപ്രകാരം ചെയ്യുന്ന കാര്യങ്ങൾ നിങ്ങളെ ബുദ്ധിമുട്ടിക്കില്ല.

8. സംഭവിക്കാത്ത കാര്യങ്ങൾ നിങ്ങളെ വേദനിപ്പിക്കരുത്.

9. മിനുസമുള്ള പിടി കൊണ്ടുവേണം എന്തിനെയും എപ്പോഴും എടുക്കാൻ.

10. ദേഷ്യം വന്നാൽ സംസാരിക്കുന്നതിന് മുമ്പ് പത്തുവരെ എണ്ണുക. വലിയ ദേഷ്യം ആണെങ്കിൽ നൂറ് വരെയും.

## (തോമസ് ജഫേഴ്സൺ അമേരിക്കയുടെ മൂന്നാമത്തെ പ്രസിഡന്റ്)



# വിദ്യാലയം




പൂങ്കാവനം പോൽ സുഗന്ധം
പരത്തും കുട്ടികൾ ആടിടും വിദ്യാലയം
കുട്ടികൾക്ക് അറിവ് നൽകുവൻ ഏറ്റവും
ഉത്തമ മായൊരു വിദ്യാലയം
വിദ്യാലയത്തങ്ങണത്തിൽ
ഒത്തു ചേരുന്നിതാ പൂമ്പാറ്റകൾ
അദ്ധ്യാപകൻ എന്നും കുഞ്ഞു മനസ്സിൽ
നിറഞ്ഞു നിൽക്കുന്നു
നല്ല പാഠങ്ങൾ ചൊല്ലിയും
നല്ലത് മാത്രം ചിന്തിച്ചും
അക്ഷരമുറ്റ പൂങ്കാ വനത്തിൽ നിന്നും
വിട വാങ്ങുന്നു പറന്നുയരാൻ

**ജയലക്ഷ്മി എ ജെ**


ഒരായിരം
നന്ദി